ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

186(2388) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സേവന മേഖലകളിൽ സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതിവഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി തുടങ്ങിയവ ബ്ലോക്ക്-താലൂക്ക്-മുനിസിപ്പാലിറ്റി-ജില്ലാതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, എമർജിംഗ് കേരള പോലുള്ള നിക്ഷേപ സംഗമങ്ങൾ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരം ഒരുക്കി വരുന്നു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ബി.എൽ.ബി.സി., എസ്.എൽ.ബി.സി. മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ Entrepreneur Support Scheme, വാണിജ്യ വികസന പദ്ധതികൾ, സംരംഭകർക്ക് സഹായകമാകുന്ന ഏകജാലക ക്ലിയറൻസ് സംവിധാനം, വിപണനം പ്രോത്സാഹിപ്പിക്കുവാൻ മേളകൾ തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

കരിമണൽ കടത്ത്

187(2389) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീണ്ടകരമുതൽ കായംകുളംവരെയുള്ള തീരപ്രദേശത്ത് നിന്നും തമിഴ് നാട്ടിലേക്ക് വൻതോതിൽ കരിമണൽ കടത്തുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം അസിസ്റ്റന്റ് ജില്ലാ ജിയോളജിസ്റ്റ്, തഹസിൽദാർമാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർമാർ എന്നിവരടങ്ങിയ മറ്റൊരു സ്ക്വാഡും അനധികൃത ധാതുമണൽ ഖനനം, ഗതാഗതം എന്നിവ തടയുന്നതിലേയ്ക്ക് നിലവിലുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡ്, കൊല്ലം ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഖനന പ്രദേശത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്ടിലുള്ള മെ.വി.വി. മിനറൽ എന്ന സ്ഥാപനം കേരളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും അനധികൃതമായി ധാതുമണൽ കടത്തുന്നുവെന്ന ശ്രീ. ദേവസഹായം മുതൽപേർ നൽകിയ പരാതി ഖനി മന്ത്രാലയത്തിന്റെ ചീഫ് വിജിലൻസ് ഓഫീസർ സർക്കാരിന് നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞ നിരീക്ഷണ സംവിധാനങ്ങൾക്കുപുറമെ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചേർന്നുള്ള പട്രോളിംഗ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകരവരെയുള്ള തീരദേശ പ്രദേശത്ത് കോസ്റ്റൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ട് പോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെത്തുടർന്ന് കൊല്ലം ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം ജില്ലാകളക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വിവരം കൈമാറുകയും ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly